# കരിമുകളിൽ നിസ്സഹകരണ സമരം തുടങ്ങി

കൊച്ചി : കരിമുകൾ ഫിലിപ്സ് കാർബൺ കമ്പനിക്കെതിരായി നാട്ടുകാർ നിസ്സഹകരണസമരം ആരംഭിച്ചു

കമ്പനിയുണ്ടാക്കുന്ന മലിനീകരണത്തിനെതിരെ കഴിഞ്ഞ 18 വർഷമായി തുടരുന്ന ബഹുജന പ്രക്ഷോഭം അങ്ങനെ പുതിയ ഘട്ടങ്ങളിലേക്കു പ്രവേശിച്ചു. കരിപ്പൊടിയും വിഷവാതകങ്ങളും വമിക്കുന്ന കാലൻ കമ്പനി അടച്ചു പൂട്ടുകയല്ലാതെ മറ്റ് നിർവ്വാഹമില്ലെന്ന വിശ്വാസത്തിലാണ് നാട്ടുകാർ. മലിനീകരണ നിയന്ത്രണബോർഡിലും അന്വേഷണ കമ്മീഷനുകളിലും അധികൃതരുടെ വാക്കിലും ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. ഒടുവിൽ വന്ന ശർമ്മ കമ്മീഷനും മാനേജ്മെന്റിന്റെ പക്ഷത്താണെന്ന് മലിനീകരണ വിരുദ്ധ സമിതി പ്രവർത്തകർ പറയുന്നു. കമ്പനി ഇപ്പോൾ ട്രയൽ ഉല്പാദനം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിലാണ് നാട്ടുകാർ നിസ്സഹകരണസമരം തുടങ്ങിയിരിക്കുന്നത്.

കമ്പനിക്ക് യാതൊരുവിധ സഹായസഹകരണങ്ങളും ചെയ്യില്ല എന്ന തീരുമാനത്തിലാണ് നാട്ടുകാർ. പുതിയ സമരത്തെത്തുടർന്ന് കരിമുകളിലെ ഹോട്ടലുകൾ കമ്പനി തൊഴിലാളികൾക്കുള്ള ഭക്ഷണം എത്തിക്കാൻ വിസമ്മതിച്ചത് സംഘർഷത്തിനിടയാക്കി.

ട്രയൽ ഉൽപ്പാദനം നടക്കുന്ന സമയത്തുപോലും കരി വീഴുന്നുണ്ടെന്ന് കരിമുകളുകാർ പറയുന്നു. മലിനീകരണം അവസാനിപ്പിക്കാൻ ഫലപ്രദമായ ഒരു നടപടിയും കമ്പനി എടുത്തിട്ടില്ല.